ശ്രീ. കെ.എം. മാണി : സർ, സമയപരിധി നിർദ്ദേശിച്ചു എന്നു പറഞ്ഞു. ആ സമയപരിധി എന്നത്തേയ്ക്കാണെന്ന് പറയാമോ? സമയപരിധി നിശ്ചയിച്ചു എന്ന് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നു.

ശ്രീ. ടി. ശിവദാസമേനോൻ : It must be done within a time frame work. കഴിയുന്നതുംവേഗം നമുക്ക് ചെയ്യാവുന്നതേയുള്ളൂ.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം.പി. വർഗ്ഗീസ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

1999-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലൈ മാസം 15-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.50-ന് പിരിഞ്ഞു.)

അനുബന്ധം - 1

(താമസിച്ച് ലഭ്യമായ ഉത്തരങ്ങൾ)

(2599) റിസർവ് വനങ്ങളിലെ മരംവെട്ട്

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം റേഞ്ചിലെ കാർഡമം ഹിൽ റിസർവ് വനത്തിൽനിന്നും വ്യാപകമായി മരംമുറിച്ച് കടത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഡമം ഹിൽ റിസർവ് വനത്തിലെ വിലപിടിപ്പുള്ള മരങ്ങൾ മുറിച്ചുകൊണ്ടുപോയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെപേരിൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) പെർമിറ്റ് ആവശ്യമില്ലാത്ത മരങ്ങൾ മുറിച്ചുകൊണ്ടുപോകുന്നതിന്റെ മറവിൽ ലക്ഷക്കണക്കിന് രൂപയുടെ വിലപിടിപ്പുള്ള മരങ്ങൾ കടത്തിക്കൊണ്ടുപോയതായി അറിയുമോ;

(ഡി) ഇതു സംബന്ധിച്ച് ഫ്ളയിംഗ് സ്കാഡ് കേസ്സെടുത്തിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത മരങ്ങളുടെ മഹസ്സർ വില എത്രയാണ് കാണിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(എഫ്) ഇതേ കേസ്സിൽ മൂന്നാർ ഡി.എഫ്.ഒ. കേസ്സെടുത്തിട്ടുണ്ടോ;

(ജി) വ്യാപകമായ മരം കൊള്ളയ്ക്ക് കൂട്ടുനിന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കേസ്സുമായി ബന്ധപ്പെട്ടവരെന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ട ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് പ്രത്യേക കേസ്സുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷണം നടന്നുവരുന്നു.

(ഡി) കാർഡമം ഹിൽ റിസർവ്വിൽപ്പെട്ട മൂന്നാർ ഡിവിഷനിലെ ദേവികുളം റേയിഞ്ചിലെ പൊൻമുടി സെക്ഷനിൽവരുന്ന കള്ളിമല എസ്റ്റേറ്റിൽനിന്നും മരങ്ങൾ മുറിച്ചതിനും വൃക്ഷങ്ങളുടെ ശിഖരം മുറിച്ചതിനും 18.6.99-ൽ മൂന്നാർ ഫ്ളയിംഗ് സ്ക്വാഡ് റേയിഞ്ചാഫീസർ മഹസർ തയ്യാറാക്കി കേസ്സെടുത്തിട്ടുണ്ട്.

(ഇ) മൂന്നാർ ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ചാഫീസർ തയ്യാറാക്കിയ മഹസർ പ്രകാരം മുറിച്ച 49 മരങ്ങളുടെയും തലപ്പു മുറിച്ച 34 മരങ്ങളുടേയും ആകെ നഷ്ടം 21 ലക്ഷം രൂപ എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(എഫ്)മൂന്നാർ ഡി.എഫ്.ഒ. 20.6.99-ൽ ഒരു വെരിഫിക്കേഷൻ മഹസ്സർ തയ്യാറാക്കിയിട്ടുണ്ട്. ഈ മഹസ്സർ പ്രകാരം നഷ്ടം 5 ലക്ഷം രൂപ എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ജി) ഈ കേസ്സിന്റെ അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്നുകണ്ട ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. വിശദമായി അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കും.

(2602) വനം കയ്യേറ്റം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ഹൈറേഞ്ച് സർക്കിളിൽപ്പെട്ട ദേവികുളം, കുമിളി, നഗരംപാറ, തൊടുപുഴ, കാളിയാർ, നേര്യമംഗലം തുടങ്ങിയ റെയിഞ്ചുകളിൽ വ്യാപകമായ വനം കൈയേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അന്വേഷണത്തിൽ കുറ്റക്കാർ ആരാണെന്ന് കണ്ടു പിടിച്ചിട്ടുണ്ടോ;

(ഡി) വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ സമ്മതത്തോടുകൂടിയാണ് ഇത്തരം കയ്യേറ്റങ്ങൾ നടക്കുന്നതെന്ന് അറിയുമോ;

(ഇ) ഇതു സംബന്ധിച്ച് വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വിശദമായ അന്വേഷണം നടത്തുമോ;

(എഫ്)പ്രസ്തുത വനം കയ്യേറ്റം സംബന്ധിച്ച് കേസ്സ് എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ജി) കയ്യേറ്റത്തിന് കൂട്ടുനിന്ന വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly